بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 03.05.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

03.05.2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്‌ബയുടെ സംഗ്രഹം

## നബി(സ)തിരുമേനിയുടെ മഹോന്നത പദവിയിലുള്ള ബദരീ സ്വഹാബിമാരുടെ സ്തുത്യർഹമായ സവിശേഷ ഗുണങ്ങളുടെ ഹൃദയഹാരിയായ വിവരണങ്ങൾ

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَ اَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ۔ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ۔

اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ۔ اَلرَّحْمٰنِ الرَّحِیْمِ۔ مٰلِکِ یَوْمِ الدِّیْنِ۔ اِیَّاکَ نَعْبُدُ وَ اِیَّاکَ نَسْتَعِیْنُ۔

اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ۔ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ۔

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ തിരുമനസ്സ് പറയുകയുണ്ടായി:

ഇന്ന് ഞാൻ വിവരിക്കുന്ന ബദരി സ്വഹാബിമാരിൽ ആദ്യത്തെ സ്വഹാബിയുടെ പേര് ഹദ്റത്ത് ഉബൈദുബിൻ അബൂ ഉബൈദ് അൻസ്വാരി എന്നാണ്. ഹദ്റത്ത് ഉബൈദ് റസൂലുല്ലാഹ്(സ)തിരുമേനിയുടെ കൂടെ ബദർ,ഉഹദ്, ഖന്ദഖ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു.

രണ്ടാമത്തെ സ്വഹാബിയാണ് ഹദ്റത്ത് ഉബൈദുല്ലാഹ് ബിൻ നുഅ്മാൻ ബിൻ ബൽദമ. ഹദ്റത്ത് അബ്ദുല്ലായുടെ പിതാമഹന്റെ പേര് ബൽദമ അല്ലെങ്കിൽ ബൽസിമ എന്നാകുന്നു. അൻസ്വാറുകളിൽപ്പെട്ടയാളായിരുന്നു ഹദ്റത്ത് അബ്ദുല്ലാഹിബ്നു നുഅ്മാൻ. ഹദ്റത്ത് അബൂ ഖതാദയുടെ പിതൃസഹോദരനായിരുന്നു. ബദർ യുദ്ധത്തിലും ഉഹദ് യുദ്ധത്തിലും പങ്കെടുക്കുവാനുള്ള ഭാഗ്യമുണ്ടായി.

അടുത്തതായി പറയാൻപോകുന്ന സ്വഹാബിയുടെ പേരാണ് ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമൈർ. ബനൂജദാറയുമായിട്ടായിരുന്നു ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമൈറിന്റെ ബന്ധം. അദ്ദേഹം ബദർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു.

അടുത്ത സ്വഹാബിയുടെ പേരാണ് ഹദ്റത്ത് അംറു ബിൻ ഹാരിസ്. ഹദ്റത്ത് അംറിന്റെ ബന്ധം ബനൂഹാരിസ ഗോത്രവുമായിട്ടായിരുന്നു. ആരംഭത്തിൽ മക്കയിൽത്തന്നെ ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി. ഹബ്ശയിലേക്കുള്ള രണ്ടാംഹിജ്റത്തിൽ അദ്ദേഹം പങ്കെടുത്തിരുന്നു. ബദർയുദ്ധത്തിൽ പങ്കെടുക്കുവാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായി.

അടുത്തതായി വിവരിക്കുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് അബ്ദുല്ലാഹിബ്നു കഅബ് എന്നാണ്. ഹദ്റത്ത് അബ്ദുല്ലാഹിബ്നു കഅബ് ബദർയുദ്ധത്തിൽ പങ്കെടുത്തിരുന്നു. ബദർയുദ്ധദിവസം നബി(സ)തിരുമേനി അദ്ദേഹത്തെ ഗനീമത്തുമുതലിന്റെ(യുദ്ധമുതലുകൾ) മേൽനോട്ടക്കാരനായി നിശ്ചയിച്ചിരുന്നു. അതുകൂടാതെ മറ്റവസരങ്ങളിലും നബി(സ)തിരുമേനിയുടെ സ്വത്തിന്റെ മേൽനോട്ടം വഹിക്കുവാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്. ഉഹദ്, ഖന്ദഖ് കൂടാതെ മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയുടെ കൂടെ പങ്കെടുത്തു. ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്തു കാലത്ത് ഹിജ്റ 33 ന് മദീനയിൽ വെച്ച് അദ്ദേഹം വഫാത്തായി. ഹദ്റത്ത് ഉസ്മാൻ അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. അദ്ദേഹത്തിന്റെ വംശനാമം അബൂഹാരിസ് എന്നതുകൂടാതെ അബൂ യഹ്‌യാ എന്നും പറയപ്പെടുന്നു.

ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഖൈസ് എന്നാണ് അടുത്ത സ്വഹാബിയുടെ പേര്. ബനൂനജ്ജാർ ഗോത്രത്തിൽപ്പെട്ടയാളായിരുന്നു അദ്ദേഹം. അബ്ദുല്ലാഹിബ്നു ഖൈസ് ബദർ,ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഒരഭിപ്രായപ്രകാരം അദ്ദേഹം ഉഹദ് യുദ്ധത്തിൽ ശഹീദായി. എന്നാൽ ഉഹദ് യുദ്ധത്തിൽ ശഹീദായില്ല എന്നും നബി(സ)തിരുമേനിയോടൊപ്പം എല്ലാ യുദ്ധങ്ങളിലും അദ്ദേഹം പങ്കെടുക്കുകയും ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്തു കാലത്തു വഫാത്താകുകയും ചെയതു എന്നും അഭിപ്രായമുണ്ട്. ഹുസൂർ പറയുകയാണ്, ചരിത്രപുസ്തകങ്ങളിൽ ചില അഭിപ്രായ വ്യത്യാസങ്ങളുണ്ടാകും. അതുകൊണ്ട് ഞാൻ വിവരിക്കുകയാണ്.

അടുത്തതായി വിവരിക്കുന്ന സ്വഹാബിയുടെ പേരാണ് ഹദ്റത്ത് സലമ ബിൻ അസ്‌ലം. ബദർ, ഉഹദ്,ഖന്ദഖ് യുദ്ധങ്ങളിലും മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ബദർ യുദ്ധത്തിൽ അദ്ദേഹം സ്വാഇബ് ബിൻ ഉബൈദിനെയും നുഅ്മാനുബിൻ അംറിനേയും ബന്ദികളാക്കുകയുണ്ടായി. ഹദ്റത്ത് സലമ ബിൻ അസ്‌ലം ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തു കാലത്ത് ഫുറാത്ത് നദിക്കരയിൽ നടന്ന ജിസർ യുദ്ധത്തിൽ ശഹീദായി. വഫാത്തിന്റെ സമയത്ത് അദ്ദേഹത്തിനു 38 വയസ്സ് പ്രായമായിരുന്നു എന്നു പറയപ്പെടുന്നു. അല്ലാമാ നൂറുദ്ദീൻ ഹലബിയുടെ പ്രശസ്തമായ പുസ്തകമായ സീറത്ത് ഹലബിയയിൽ ബദർ യുദ്ധാവസരത്തിലുണ്ടായ നബി(സ)തിരുമേനിയുടെ ഒരു അത്ഭുത ദൃഷ്ടാന്തത്തെക്കുറിച്ചു വിവരിക്കുന്നു; അതായത് ബദർ യുദ്ധത്തിൽ സലമ ബിൻ

അസ്‌ലമിന്റെ വാൾ ഒടിഞ്ഞു പോയി. അപ്പോൾ നബി(സ) തിരുമേനി അദ്ദേഹത്തിന് ഈന്തപ്പനയുടെ ഒരു ദണ്ഡ് നൽകിക്കൊണ്ട് പറഞ്ഞു, ഇതുകൊണ്ട് പോരാടുക. ഹ ദ്‌റത്ത് സലമ ബിൻ അസ്‌ലം അതു കയ്യിലെടുത്തതോടെ അതൊരു നല്ല വാളായി മാറുകയുണ്ടായി. പിന്നീട് അതെ പ്പോഴും അദ്ദേഹത്തിന്റെ പക്കൽത്തന്നെയുണ്ടായിരുന്നു.

ഹദ്‌റത്ത് മീർസാ ബശീർ അഹ്മദ് സാഹിബ് എഴുതു ന്നു, അഹ്സാബ് യുദ്ധത്തിലേറ്റ അപമാനകരമായ പരാജ യത്തിന്റെ ഓർമ്മ മക്കയിലെ ഖുറൈശികളെ മൊത്തത്തിൽ ചൂടു പിടിപ്പിച്ചിരിക്കുകയായിരുന്നു. ഈ നെഞ്ചിനകത്തു ള്ള തീചുട് സ്വാഭാവികമായും ഏറ്റവും കൂടുതൽ ഏറ്റത് മക്കയിലെ നേതാവായ അബൂ സുഫിയാനായിരുന്നു. അ ഹ്സാബ് ഉദ്യമത്തിൽ അപമാനമേറ്റിരുന്നു. കുറച്ചു കാ ലംവരെ ആ തീ അബൂസുഫിയാന്റെയുള്ളിൽത്തന്നെ എ രിഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ കാര്യം സഹിക്കാവുന്ന തിനപ്പുറമായി. ആ ഒളിഞ്ഞിരുന്ന തീയുടെ ജ്വാലകൾ പു റത്തേക്കു വമിക്കാൻ തുടങ്ങി. ഒരു ദിവസം അബൂസുഫി യാൻ തക്കം നോക്കി തനിക്കു യോഗ്യരെന്നു തോന്നുന്ന ഏതാനും ഖുറൈശി യുവാക്കളോടു പറഞ്ഞു, രഹസ്യ മായി മദീനയിൽപോയി മുഹമ്മദി(സ)ന്റെ കഥ കഴിക്കു വാൻ വീരനായി നിങ്ങളിലാരെങ്കിലുമുണ്ടോ? മുഹമ്മദ് മ ദീനയുടെ തെരുവോരങ്ങളിലൂടെ സ്വതന്ത്രമായി കറങ്ങാ റുണ്ടെന്നുള്ള കാര്യം നിങ്ങൾക്കറിയാമോ. ആ യുവാക്കൾ അബൂസുഫിയാന്റെ അഭിപ്രായങ്ങൾ കേട്ടുകൊണ്ട് എഴു ന്നേറ്റു. അധികം താമസിയാതെ കുറച്ചു ദിവസങ്ങൾക്ക കം ഒരു ബദവി യുവാവ് അബൂസുഫിയാന്റെ അടുക്കൽ വന്നുകൊണ്ടു പറഞ്ഞു; ഞാൻ താങ്കളുടെ നിർദ്ദേശങ്ങള റിഞ്ഞു. ഞാനതിനു ഒരുക്കമാണ്. ഞാൻ വളരെ കഠിനഹൃ ദയനും പൂർണ്ണതയെത്തിയ ഒരു മനുഷ്യനുമാകുന്നു. എ ന്റെ പിടിത്തം ബലാൽക്കാരവും ആക്രമണം അതിവേഗ ത്തിലുള്ളതുമാണ്. താങ്കളെന്നെ അതിനായി നിയമിക്കു കയും സഹായം നൽകുകയും ചെയ്യുകയാണെങ്കിൽ മു ഹമ്മദിനെ(സ) വധിക്കുന്നതിനായി പുറപ്പെടാൻ ഞാനൊ രുക്കമാണ്. മദീനയുടെ വഴികളും എനിക്കു നല്ല വശമാ ണ്. അബൂസുഫിയാൻ വളരെ സന്തോഷവാനായിക്കൊ ണ്ട് പറഞ്ഞു; മതിമതി നമുക്കു യോഗ്യനായ ആൾതന്നെ യാണു നീ. അങ്ങിനെ അബൂസുഫിയാൻ വേഗതയുള്ള ഒരൊട്ടകവും പാഥേയവും നൽകിക്കൊണ്ട് അയാളെ അ യച്ചു. ഈ രഹസ്യം ആരോടും പറയരുതെന്നും താക്കീ തു നൽകി.

അയാൾ മക്കയിൽ നിന്നും പുറപ്പെട്ട് പകൽ പാത്തും പതുങ്ങിയും രാത്രികളിൽ സഞ്ചരിച്ചും മദീനയിലേക്കു നീങ്ങി. ആറാം നാൾ മദീനയിലെത്തി അവിടെയെത്തി ന ബി(സ)തിരുമേനിയെ അന്വേഷിച്ചുകൊണ്ട് നേരെ ബനൂ അബ്ദിൽ അശ്ഹൽ ഗോത്രത്തിന്റെ പള്ളിയിലെത്തിച്ചേർ ന്നു. നബി(സ) അപ്പോൾ അവിടെയുണ്ടായിരുന്നു. അയാ ൾ പള്ളിയിൽ പ്രവേശിച്ച് നബി(സ)തിരുമേനിയുടെ നേ രെ വരുന്നതുകണ്ടപ്പോൾ തിരുമേനി പറഞ്ഞു; ഈ വ്യക്തി എന്തോ ദുരുദ്ദേശ്യവുമായിട്ടാണ് വന്നിരിക്കുന്നത്. ഇതു കേട്ട അയാൾ കൂടുതൽ വേഗത്തിൽ നബിയുടെ നേരെ നീങ്ങി എന്നാൽ ഒരു അൻസ്വാരി നേതാവ് ഉസയ്യദുബ്നു ഹുദൈർ ചാടിപ്പിടിക്കുകയും കീഴ്പെടുത്തുകയും ചെയ് തു. അയാളെ കീഴ്പെടുത്തിക്കഴിഞ്ഞപ്പോൾ നബി(സ) അയാളോടു ചോദിച്ചു; സത്യം പറയണം നീ ആരാണ് ? എന്തിനു വന്നു? അപ്പോൾ അയാൾ ഉള്ളകാര്യങ്ങളെല്ലാം തുറന്നു പറഞ്ഞു. അബൂസുഫിയാൻ ഇന്നയിന്ന പാരി തോഷികങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും പറഞ്ഞു. അതിനുശേഷം അയാൾ മദീനയിൽത്തന്നെ താമസിക്കു കയും സസന്തോഷം മുസ്‌ലിമാകുകയും ചെയ്തു. അ ബൂസുഫിയാന്റെ ഈ വധശ്രമത്തോടെ മക്കക്കാരുടെ ഉ ദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് മുൻപത്തേക്കാൾ കുടുതൽ അ റിഞ്ഞിരിക്കേണ്ടത് ആവശ്യമാണെന്ന മുന്നറിയിപ്പാണ് ല ഭിച്ചത്. ആയതിനാൽ നബി(സ), സ്വഹാബിമാരായ അം റ് ബിൻ ഉമയ്യാ ദിമ്‌രിയെയും സലമ ബിൻ അസ്‌ലമിനെയും മക്കയിലേക്കയച്ചു. അബൂസുഫിയാന്റെ വധശ്രമത്തെയും മുൻപുള്ള രക്തരൂക്ഷിത പ്രവൃത്തികളെയും കണ്ടുകൊ ണ്ട് തക്കം കിട്ടിയാൽ ഇസ്‌ലാമിന്റെ യുദ്ധശത്രുവിന്റെ ക ഥ കഴിക്കാനും അനുവാദം നൽകുകയുണ്ടായി. എന്നാൽ ഉമയ്യയും സലമാബിൻ അസ്‌ലമും മക്കയിലെത്തിയപ്പോൾ ഖുറൈശികൾ ജാഗരൂകരാവുകയും രണ്ടു സ്വഹാബാക്ക ളും തങ്ങളുടെ ജീവനും കൊണ്ട് മദീനയിൽ തിരിച്ചെത്തു കയും ചെയ്തു. വഴിമധ്യേ അവർ ഖുറൈ ശികളുടെ ര ണ്ടു ചാരന്മാരെ കണ്ടുമുട്ടി. ഖുറൈശി നേതാക്കൾ അവരെ മുസ്‌ലിംകളുടെ നീക്കങ്ങളെക്കുറിച്ചറിയുന്നതിനും ന ബി(സ) തിരുമേനിയുടെ അവസ്ഥകളെക്കുറിച്ചറിയുന്നതി നുമായി അയച്ചതായിരുന്നു. ഹുസൂർ പറയുകയാണ്; ഇതും ഖുറൈശികളുടെ മറ്റൊരു വധോദ്യമത്തിന്റെ, ഗൂ ഢപദ്ധതിയുടെ മുന്നോടിയായിരുന്നു എന്നതിലും അതി ശയിക്കേണ്ടതില്ല. ഉമയ്യയും സലമാ ബിൻ അസ്‌ലമും അ വരുടെ ചാരപ്രവൃത്തികളെക്കുറിച്ചറിയുകയും അവരെ ആ ക്രമിച്ചു ബന്ദിയാക്കുവാൻ ശ്രമിക്കുകയും ചെയ്തു. എ ന്നാൽ അവരും തിരിച്ചാക്രമിച്ചു. ആ ഏറ്റുമുട്ടലിൽ ഒരു ചാരൻ കൊല്ലപ്പെടുകയും രണ്ടാമത്തെയാളെ ബന്ദിയാക്കി മദീനയിലേക്ക് കൊണ്ടു വരികയും ചെയ്തു. ഹദ്‌റത്ത് ഉ മ്മെ അമ്മാറ വിവരിക്കുന്നു, സുലഹ് ഹുദൈബിയയുടെ ദിവസം ഞാൻ നബി(സ)തിരുമേനിയെ നോക്കുമ്പോൾ അദ്ദേഹം ഒരിടത്തിരിക്കുകയായിരുന്നു ഹദ്‌റത്ത് അബാ ദ് ബിൻ ബിശറും ഹദ്‌റത്ത് സലമ ബിൻ അസ്‌ലമും ര ണ്ടുപേരും ഇരുമ്പ്തൊപ്പി ധരിച്ച് നബി(സ)തിരുമേനിയു ടെ സമീപത്ത് പാറാവു നിൽക്കുകയായിരുന്നു. ഖുറൈ ശികളുടെ ദൂതൻ സഹലുബ്നു അംറ് തന്റെ ശബ്ദമുയർ ത്തിസംസാരിച്ചപ്പോൾ അവരിരുവരും പറഞ്ഞു; റസൂലുല്ലാ ഹ്(സ)യുടെ മുൻപിൽ ശബ്ദം താഴ്ത്തി സംസാരിക്കുക. ഇതവരുടെ ഒരു പ്രത്യേക സേവനത്തെക്കുറിച്ചുള്ള പരാ മർശമാണ്.

അടുത്തതായി പരാമർശിക്കുന്ന സ്വഹാബിയുടെ പേരാണ് ഹദ്റത്ത് ഉഖ്ബാ ബിൻ ഉസ്മാൻ. ഹദ്റത്ത് ഉഖ്ബയ്ക്കും തന്റെ സഹോദരൻ ഹദ്റത്ത് സഅദ്ബിൻ ഉസ്മാനും ഉഹദ് യുദ്ധത്തിലും ബദർ യുദ്ധത്തിലും പങ്കെടുക്കുവാനുള്ള ഭാഗ്യം ലഭിച്ചു.

അടുത്തതായി വിവരിക്കുന്ന സ്വഹാബിയുടെ പേരാണ് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സഹൽ. ഹദ്റത്ത് റാഫിഅ് ബിൻ സഹലിന്റെ സഹോദരനായിരുന്നു അദ്ദേഹം. അദ്ദേഹം ബദർയുദ്ധത്തിലും ഉഹദ് യുദ്ധത്തിലും പങ്കെടുത്തു. ഖന്ദഖ് യുദ്ധത്തിൽ അദ്ദേഹം ശഹീദായി. മദീനയുടെ എട്ടു മൈൽ അകലെ നടന്ന ഹംറാഉൽ അസദ് യുദ്ധത്തിലും പങ്കെടുത്തതായി നബചരിത്ര ഗ്രന്ഥമായ സുബുലുൽ ഹുദാ എന്ന പുസ്തകത്തിൽ വിവരിച്ചിട്ടുള്ളതായി കാണാം. ഉഹദ് യുദ്ധത്തിൽ അദ്ദേഹത്തിനും അദ്ദേഹത്തിന്റെ സഹോദരനും മാരകമായി മുറിവേറ്റു. ഈ രണ്ടു സഹോദരൻമാരും നബി(സ)തിരുമേനിയുടെ, ഹംറാഉൽ അസദിൽ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട കല്പന കേട്ടപ്പോൾ ഒരാൾ മറ്റെയാളോടു പറഞ്ഞു; അല്ലാഹു സത്യം! നമ്മൾ റസൂലുല്ലാഹ് (സ)തിരുമേനിയുടെ കൂടെ യുദ്ധത്തിൽ പങ്കെടുത്തില്ലായെങ്കിൽ വലിയ നഷ്ടമായിരിക്കും. നമ്മുടെ കയ്യിലാണെങ്കിൽ യാത്രചെയ്യാനായി യാത്രാമൃഗവുമില്ല. ഹദ്റത്ത് അബ്ദുല്ലാഹ് പറഞ്ഞു; എന്റെ കൂടെ വരൂ നമുക്ക് നടക്കാം. അങ്ങനെ അവരിരുവരും വീണ്ടും ഉരുണ്ടും നടക്കാൻ തുടങ്ങി. ഹദ്റത്ത് റാഫിഅ് തളർന്നപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ഹദ്റത്ത് അബ്ദുല്ലായെ ചുമലിലേറ്റുകയും ഇശായുടെ സമയത്തോടെ ഇരുവരും റസൂലുല്ലാഹ് (സ)യുടെ സവിധത്തിൽ ഹാജരാവുകയും ചെയ്തു. അന്നുരാത്രി നബി(സ)തിരുമേനിക്കു കാവൽ നിൽക്കാനായി ഹദ്റത്ത് ഉബാദാ ബിൻ ബിശറിനെ നിയമിച്ചിരിക്കുകയായിരുന്നു. നബി(സ)തിരുമേനി അവരിരുവരോടും ചോദിച്ചു; നിങ്ങൾ ഇത്രയും നേരം നിങ്ങളെ തടഞ്ഞു നിർത്തിയതെന്താണ്? അവർ കാരണം പറഞ്ഞു. അപ്പോൾ അദ്ദേഹം അവരുടെ നന്മയ്ക്കായി പ്രാർത്ഥിച്ചുകൊണ്ടു പറഞ്ഞു; നിങ്ങൾക്ക് ദീർഘായുസ്സുണ്ടെങ്കിൽ കുതിരകളും കോവർകഴുതകളും ഒട്ടകങ്ങളും യാത്രാമൃഗമായി നിങ്ങൾക്കു ലഭിക്കുന്നതാണ്. എന്നാൽ നിങ്ങൾ വീണ്ടും ഉരുണ്ടും കാൽനടയായി ചെയ്ത ആ യാത്രയേക്കാളും നിങ്ങൾക്ക് മികച്ചതാകില്ല. അതിന്റെ പ്രതിഫലവും അനുഗ്രഹങ്ങളും വളരെ കൂടുതലാണ്.

ഹംറാഉൽ അസദ് യുദ്ധത്തിന്റെ കാരണം വിവരിച്ചുകൊണ്ട് ഹദ്റത്ത് മീർസാ ബശീർ അഹ്മദ് എഴുതുന്നു; ഉഹദ് കഴിഞ്ഞുള്ള മദീനയിലെ രാത്രി വളരെ ഭയത്തിന്റെ രാത്രിയായിരുന്നു. എന്തുകൊണ്ടെന്നാൽ പ്രത്യക്ഷത്തിൽ ഖുറൈശിപ്പട മക്കയിലേക്കുള്ള വഴിക്കു തിരിഞ്ഞെങ്കിലും ഈ പ്രവൃത്തി മുസ്ലിംകളുടെ ശ്രദ്ധതിരിക്കുവാനുള്ള ഉദ്ദേശ്യമായിരുന്നോ എന്ന ആശങ്കയുണ്ടായി. അതുകൊണ്ട് അന്നു രാത്രി മദീനയിൽ കാവലിനുള്ള ഏർപ്പാടു ചെയ്യപ്പെട്ടു. പ്രത്യേകിച്ചും നബി(സ)തിരുമേനിയുടെ വീടുനുചുറ്റും സ്വഹാബാക്കൾ രാത്രി മുഴുവനും കാവൽ നിന്നു. നേരം പുലർന്നപ്പോൾ മനസ്സിലായി ആ ആശങ്ക വെറുമൊരു തോന്നലായിരുന്നില്ല. എന്തുകൊണ്ടെന്നാൽ ഖുറൈശിപ്പട മദീനയുടെ ഏതാനും മൈലുകൾ അകലെ നിലയുറപ്പിച്ചിട്ടുണ്ടെന്നും ഈ ലഭ്യമായ വിജയത്തെ മുതലെടുത്തുകൊണ്ട് മദീനയുടെ മേൽ എന്തുകൊണ്ട് ആക്രമണം നടത്തിക്കൂടാ എന്ന് ഖുറൈശി നേതാക്കൾക്കിടയിൽ ചൂടേറിയ ചർച്ച നടന്നുകൊണ്ടിരിക്കുന്നുവെന്നുമുള്ള വിവരം ഫജർ നമസ്കാരത്തിനു മുൻപുതന്നെ നബി(സ)തിരുമേനിക്കു ലഭിച്ചു. അതിനെതിരിൽ ഇങ്ങനെയും ചിലർ പറയുന്നുണ്ടായിരുന്നു; നിങ്ങൾക്കിപ്പോൾ ഒരു വിജയം ലഭിച്ചിരിക്കുകയാണ് അതിനെ വിലമതിക്കുക. മക്കയിലേക്കു തിരിച്ചുപോകുക ഈവിജയം പരാജയമായി മാറരുത്. എന്തെന്നാൽ ഇപ്പോൾ നിങ്ങൾ മദീനയെ ആക്രമിക്കുകയാണെങ്കിൽ മുസ്ലിംകൾ ജീവൻ പണയം വച്ച് പോരാടും ഉഹദിൽ പങ്കെടുക്കാത്തവരും യുദ്ധക്കളത്തിലിറങ്ങും. നബി(സ)തിരുമേനിക്ക് ഈ സംഭവത്തെക്കുറിച്ചുള്ള അറിവു ലഭിച്ചപ്പോൾ ഉടൻ തന്നെ മുസ്ലിം സൈന്യത്തോട് തയ്യാറാകുവാൻ പറഞ്ഞു. ഉഹദിൽ പങ്കെടുത്തവരല്ലാതെ ആരുംതന്നെ ഞങ്ങളോടൊപ്പം വരരുത് എന്നും കല്പന നൽകി. എട്ടു മൈലുകൾ പിന്നിട്ട ശേഷം തിരുനബി(സ) ഹംറാഉൽ അസദിൽ എത്തിച്ചേർന്നു. അവിടെ മൈതാനത്ത് രണ്ടു മുസ്ലിംകളുടെ മൃതശരീരങ്ങൾ കിടക്കുന്നതായി കണ്ടു. നബി(സ)തിരുമേനി ആ ശുഹദാക്കൾക്കു വേണ്ടി ഒരു ഖബർ കുഴിപ്പിക്കുകയും രണ്ടുപേരേയും ഒരുമിച്ച് അതിലടക്കം ചെയ്യുകയും ചെയ്തു. ശേഷം അവിടെതന്നെ തമ്പടിച്ചുകൊണ്ടു പറഞ്ഞു; മൈതാനത്തിന്റെ വിവിധ ഭാഗങ്ങളിലായി തീ കത്തിക്കുക. അങ്ങനെ നോക്കിക്കൊണ്ടിരിക്കെ ഹംറാഉൽ അസദ് മൈതാനിയിൽ അഞ്ഞൂറിടത്ത് തീജ്വാലയുയർന്നു. അത് ദൂരെനിന്നും കാണുന്നവരുടെ ഹൃദയത്തിൽ ഭയമുളവാക്കുന്നതായിരുന്നു. ഈ സമയത്ത് ഖുസാഅ ഗോത്രത്തിലെ മഅബദ് എന്നു പേരുള്ള മുശ്രിക്കുകളുടെ ഒരു നേതാവ് നബി(സ)തിരുമേനിയുടെ മുന്നിൽ ഹാജരായിക്കൊണ്ട് ഉഹദിൽ മരണപ്പെട്ടവരെക്കുറിച്ച് അനുശോചനം പ്രകടിപ്പിച്ചു എന്നിട്ട് യാത്രതുടർന്നു. അടുത്ത ദിവസം അയാൾ മദീനയിൽ നിന്നും നാൽപത് മൈൽ അകലത്തിലുള്ള റൗഹാ എന്ന പ്രദേശത്തെത്തിയപ്പോൾ കണ്ടത് ഖുറൈശിപ്പട അവിടെ തമ്പടിച്ചിരിക്കുന്നതും മദീനയിലേക്കു പുറപ്പെടാൻ തയ്യാറായിരിക്കുന്നതുമാണ്. മഅ്ബദ് ഉടനെതന്നെ അബൂസുഫിയാന്റെ അടുത്തു പോയി പറഞ്ഞു; നിങ്ങൾ എന്താണീ ചെയ്യുന്നത് അല്ലാഹുവാണ! ഞാനിപ്പോൾ മുഹമ്മദ്(സ)ന്റെ സൈന്യത്തെ ഹംറാഉൽ അസദിൽ കണ്ടിട്ടാണു വരുന്നത് അത്തരം ഭീകരമായ ഒരു സൈന്യത്തെ ഞാനിതുവരെ കണ്ടിട്ടില്ല. മാത്രമല്ല ഉഹദിലേറ്റ പരാജയവും ലജ്ജയും കാരണം അവർ എത്ര

മാത്രം ആവേശത്തിലാണെന്നാൽ അവർ നിങ്ങളെ കണ്ട മാത്രയിൽത്തന്നെ ഭസ്മമാക്കിക്കളഞ്ഞേക്കാം. അബൂസുഫിയാന്റെയും കൂട്ടാളികളുടെയും മേൽ മഅ്ബദിന്റെ ആ വാക്കുകൾ എത്രമാത്രം സ്വാധീനം ചെലുത്തിയെന്നാൽ അവരുടെ മദീനയിലേക്കു തിരിക്കാനുള്ള ഉദ്ദേശ്യം ഉപേക്ഷിക്കുകയും ഉടനെ മക്കയിലേക്കു പുറപ്പെടുകയും ചെയ്തു. ഖുറൈശിപ്പടയുടെ ഈ തിരിഞ്ഞോട്ടത്തെക്കുറിച്ചുള്ള വിവരം ലഭിച്ചപ്പോൾ നബി(സ)തിരുമേനി അല്ലാഹുവിനോട് നന്ദി പറഞ്ഞു. അല്ലാഹവാണ് ആ നിഷേധികളുടെ ഹൃദയത്തെ  കീഴ്പ്പെടുത്തിയത്.

ഹുസൂർ പറഞ്ഞു; അടുത്ത സ്വഹാബിയുടെ പേരാണ് ഹദ്റത്ത് ഉത്ബ ബിൻ റബീഅ. അദ്ദേഹത്തിന് ബദർ,ഉഹദ് യുദ്ധങ്ങളിൽ പങ്കെടുക്കുവാനുള്ള ഭാഗ്യമുണ്ടായി. അല്ലാമാ ഇബ്നു ഹജർ അസ്കലാനി പറയുന്നു, യർമൂക്ക് യുദ്ധത്തിൽ പങ്കെടുത്ത നേതാക്കളിൽ ഒരാളുടെ പേര് ഉത്ബ ബിൻ റബീഅ എന്നാണ്. യർമൂക്ക് യുദ്ധം 12-13 ഹിജ്രിയിൽ ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഖിലാഫത്തു കാലത്ത് ഖാലിദുബ്നിനു വലീദിന്റെ മേൽനോട്ടത്തിൽ റോമാക്കാരുമായി നടന്ന യുദ്ധമാണ്. റോമൻ സൈന്യം രണ്ടുലക്ഷമോ രണ്ടരലക്ഷമോ ആയിരുന്നു എന്നു പറയപ്പെടുന്നു മുസ്ലിംകൾ 37000 മുതൽ 46000 വരെയായിരുന്നു. ഇസ്ലാമിക സൈന്യത്തിൽ നബി(സ)തിരുമേനിയെ നേരിട്ടു കണ്ടിട്ടുള്ളവരായ ഏകദേശം ആയിരം ആളുകൾ പങ്കെടുത്തിരുന്നു. അവർ ബദർ യുദ്ധത്തിൽ നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തവരായിരുന്നു. ഇരു കൂട്ടരും തമ്മിൽ രക്തരൂക്ഷിതയുദ്ധം നടന്നു. ഇതിനിടയിൽ മദീനയിൽ ഹദ്റത്ത് അബൂബക്കർ(റ)വഫാത്തായി. എന്നാൽ ഖാലിദുബ്നു വലീദ് സൈസന്യത്തിനിടയിൽ ഈ വാർത്ത പരക്കാതെ ശ്രദ്ധിച്ചു. മുസ്ലിം സൈന്യം ഉറച്ചു നിന്നു. വൈകുന്നേരം വരെ ഘോരയുദ്ധം നടന്നു. റോമൻ സൈന്യം ഭയന്നോടാൻ തുടങ്ങി. ഈ യുദ്ധത്തിൽ ഒരു ലക്ഷത്തിൽപരം റോമൻ പട്ടാളക്കാർ മരിക്കുകയും മുവ്വായിരം മുസ്ലിംകൾ ശഹീദാകുകയും ചെയ്തു. ഈ ശുഹദാക്കളിൽ ഹദ്റത്ത് ഇക്രിമാ ബിൻ അബൂജഹലും ഉൾപ്പെടുന്നു. യർമൂക്ക് വിജയത്തിനുശേഷം ഇസ്ലാമിന്റെ സേന ശാം രാജ്യമാകെ പരന്നു. കിനസ്റീൻ, ഉൻതാക്കിയ,ജൂമാ,സർമീൻ,തൈസീൻ, കുറുസ്,തൽ അസാസ,സുലൂക്,റബാൻ തുടങ്ങിയ പ്രദേശങ്ങൾ വളരെ അനായാസം കീഴ്പ്പെടുത്തി.

ജുമുആ ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ പറഞ്ഞു; ഇനി ഞാൻ ബഹുമാന്യ സാഹിബ് സാദി സബീഹാ ബീഗം സാഹിബയെക്കുറിച്ച് പരാമർശിക്കാനാഗ്രഹിക്കുകയാണ്. അവർ ഹദ്റത്ത് മീർസാ ബശീർ അഹ്മദ് സാഹിബ്(റ)ന്റെ മൂത്ത മകളായ ബഹുമാന്യ അമത്തുസ്സലാം സാഹിബയുടെയും ഹദ്റത്ത് മീർസാ റശീദ് അഹ്മദ് സാഹിബിന്റെയും മൂത്ത മകളും ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെയും ഹദ്റത്ത് ഉമ്മെ നാസിർ(റ)ന്റെയും മകനായ സാഹിബ് സാദാ മീർസാ അൻവർ അഹ്മദ് സാഹിബിന്റെ പത്നിയുമായിരുന്നു. ഏപ്രിൽ 30ന് 90-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. ഹുസൂർ തിരുമനസ്സ് പറയുകയുണ്ടായി; ഈ ബന്ധമനുസരിച്ച് എന്റെ അമ്മായി കൂടിയായിരുന്നു അവർ. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റ)ന്റെ പത്നി ഹദ്റത്ത് സയ്യിദാ ആസിഫാ ബീഗം സാഹിബയുടെ മൂത്ത സഹോദരിയായിരുന്നു . അവരുടെ മകൻ എഴുതുകയാണ്; എന്റെ മാതാവ് അങ്ങേയറ്റം ലാളിത്യമുള്ളവരും ധർമ്മിഷ്ഠയും എല്ലാവരുടെയും സുഖദുഖങ്ങളിൽ ഉപകരിക്കുന്നവരുമായിരുന്നു. ആവശ്യക്കാരെ നല്ലപോലെ ശ്രദ്ധിച്ചിരുന്നു. തങ്ങളുടെ ജോലിക്കാരുമായും സൽപെരുമാറ്റം കാണിച്ചിരുന്നു. അവർക്ക് മൂന്ന് പെൺമക്കളും ഒരു മകനുമാണുള്ളത്. അല്ലാഹു അവരുടെ മക്കൾക്ക് മാതാവിന്റെ നന്മകൾ സ്വായത്തമാക്കുവാൻ തൗഫീഖ് നൽകട്ടെ. പരസ്പരം സ്നേഹത്തോടെ ജീവിക്കുവാനുള്ള തൗഫീഖ് നൽകട്ടെ. ഖിലാഫത്തുമായി എപ്പോഴും  ചേർത്തുനിർത്തട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَ نَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Baithul Futuh,London – on 03.05.2019
Malayalam Translation : **Mou.Najmudheen** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516